എ.വൈ.ആർ

സ്ത്രീകൾ തലയും മാറും മറയുന്ന വസ്ത്രം ധരിക്കുന്നത് പ്രാകൃതമായും അധഃസ്ഥിതിയുടെയും അടിമത്തത്തിന്റെയും അടയാളമായും ഒക്കെ പ്രചണ്ഡമായി പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ചില യൂറോപ്യൻ രാജ്യങ്ങൾ മുസ്‌ലിം സ്ത്രീകൾക്ക് ശിരോ വസ്ത്രം നിരോധിച്ചുകൊണ്ട് നിയമം നടപ്പിലാക്കിയിരിക്കുന്നു. ആധുനിക സംസ്കാരം സൃഷ്ടിച്ച ഒരന്ധവിശ്വാസവും അനാചാരവുമാണിത്.



وَقُلْ لِلْمُؤْمِنَاتِ يَغْضُضْنَ مِنْ أَبْصَارِهِنَّ وَيَحْفَظْنَ فُرُوجَهُنَّ
وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا ۖ وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ
جُيُوبِهِنَّ ۖ وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ آبَائِهِنَّ أَوْ آبَاءِ
بُعُولَتِهِنَّ أَوْ أَبْنَائِهِنَّ أَوْ أَبْنَاءِ بُعُولَتِهِنَّ أَوْ إِخْوَانِهِنَّ أَوْ بَنِي
إِخْوَانِهِنَّ أَوْ بَنِي أَخَوَاتِهِنَّ أَوْ نِسَائِهِنَّ أَوْ مَا مَلَكَتْ أَيْمَانُهُنَّ
أَوِ التَّابِعِينَ غَيْرِ أُولِي الْإِرْبَةِ مِنَ الرِّجَالِ أَوِ الطِّفْلِ الَّذِينَ لَمْ
يَظْهَرُوا عَلَىٰ عَوْرَاتِ النِّسَاءِ ۖ وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا
يُخْفِينَ مِنْ زِينَتِهِنَّ ۚ وَتُوبُوا إِلَى اللَّهِ جَمِيعًا أَيُّهَ الْمُؤْمِنُونَ لَعَلَّكُمْ
تُفْلِحُونَ ﴿٣١﴾

**31.** വിശ്വാസിനികളോടും പ്രവാചകൻ പറയണം: അവർ ദൃഷ്ടികൾ നിയന്ത്രിച്ചുകൊള്ളട്ടെ. ലൈംഗികാവയവങ്ങൾ സൂക്ഷിക്കുകയും ചെയ്യട്ടെ. അവരുടെ അലങ്കാരങ്ങൾ വെളിപ്പെടുത്താതെയുമിരിക്കട്ടെ. സ്വാഭാവികമായി വെളിപ്പെട്ടതൊഴിച്ച്. അവർ ശിരോവസ്ത്രം താഴ്ത്തിയിട്ട് മാറിടം മറക്കണം. സ്വന്തം ഭർത്താക്കൾ, പിതാക്കൾ, ഭർതൃപിതാക്കൾ, പുത്രന്മാർ, ഭർതൃപുത്രന്മാർ, സഹോദരന്മാർ, സഹോദര പുത്രന്മാർ, സഹോദരീപുത്രന്മാർ, അവരുമായി ദൈനംദിനം ഇടപെടുന്ന സ്ത്രീകൾ, അവരുടെ അധീനതയിലുള്ള സ്ത്രീപുരുഷന്മാർ, ദുർമോഹങ്ങളില്ലാത്ത ആശ്രിതന്മാർ, സ്ത്രീകളുടെ ഗോപ്യകാര്യങ്ങളൊന്നും അറിഞ്ഞുകൂടാത്ത കുട്ടികൾ എന്നിവർക്കല്ലാതെ അവരുടെ അലങ്കാരം വെളിപ്പെടുത്തിക്കൂടാ. അവർ മറച്ചുപിടിക്കുന്ന അലങ്കാരങ്ങൾ ആളുകളെ അറിയിക്കാൻ കാലുകൾ നിലത്തടിച്ചു നടക്കുകയുമരുത്. സത്യവിശ്വാസിനികളേ, എല്ലാവരും അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുവിൻ. നിങ്ങൾക്ക് ജീവിത വിജയം പ്രതീക്ഷിക്കാം.

**31**

നീ (പ്രവാചകൻ) വിശ്വാസികളോടും പറയണം = وَقُلْ لِلْمُؤْمِنَاتِ
അവർ ദൃഷ്ടികൾ താഴ്ത്തട്ടെ, നോട്ടങ്ങൾ അൽപം നിയന്ത്രിക്കട്ടെ = يَغْضُضْنَ مِنْ أَبْصَارِهِنَّ
അവരുടെ ലൈംഗികാവയവങ്ങൾ സൂക്ഷിക്കുകയും ചെയ്യട്ടെ = وَيَحْفَظْنَ فُرُوجَهُنَّ
അവരുടെ അലങ്കാരം = زِينَتَهُنَّ    അവർ വെളിപ്പെടുത്താതെയുമിരിക്കട്ടെ = وَلَا يُبْدِينَ
അവർ താഴ്ത്തിയിടട്ടെ(ത്തിയിട്ട്) = وَلْيَضْرِبْنَ    അതിൽനിന്ന് (സ്വാഭാവികമായി) വെളിപ്പെട്ടതൊഴിച്ച് = إِلَّا مَا ظَهَرَ مِنْهَا
അവരുടെ മാറിടത്തിന്മേൽ (മാറിടം മറക്കണം) = عَلَىٰ جُيُوبِهِنَّ    അവരുടെ ശിരോവസ്ത്രംകൊണ്ട് = بِخُمُرِهِنَّ
അവരുടെ അലങ്കാരം = زِينَتَهُنَّ    അവർ വെളിപ്പെടുത്താതെയുമിരിക്കട്ടെ = وَلَا يُبْدِينَ

إِلَّا لِبُعُولَتِهِنَّ = അവരുടെ (സ്വന്തം) ഭർത്താക്കന്മാർക്കല്ലാതെ   أَوْ آبَائِهِنَّ = അല്ലെങ്കിൽ അവരുടെ പിതാക്കൾ(ക്കൊഴികെ)
أَوْ آبَاءِ بُعُولَتِهِنَّ = അല്ലെങ്കിൽ അവരുടെ ഭർതൃപിതാക്കൾ(ക്കല്ലാതെ)   أَوْ أَبْنَائِهِنَّ = അല്ലെങ്കിൽ അവരുടെ മക്കൾ(ക്കല്ലാതെ)
أَوْ أَبْنَاءِ بُعُولَتِهِنَّ = അല്ലെങ്കിൽ അവരുടെ ഭർത്താവിന്റെ മക്കൾ(ക്കല്ലാതെ)
أَوْ إِخْوَانِهِنَّ = അല്ലെങ്കിൽ അവരുടെ സഹോദരന്മാർ(ക്കല്ലാതെ)
أَوْ بَنِي إِخْوَانِهِنَّ = അല്ലെങ്കിൽ അവരുടെ സഹോദരപുത്രന്മാർ(ക്കല്ലാതെ)
أَوْ بَنِي أَخَوَاتِهِنَّ = അല്ലെങ്കിൽ അവരുടെ സഹോദരീപുത്രന്മാർ(ക്കല്ലാതെ)
أَوْ نِسَائِهِنَّ = അല്ലെങ്കിൽ അവരുടെ (വരുമായി ദൈനംദിനം ഇടപെടുന്ന) സ്ത്രീകൾ(ക്കല്ലാതെ)
أَوْ مَا مَلَكَتْ أَيْمَانُهُنَّ = അല്ലെങ്കിൽ അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയ (അധീനതയിലുള്ള സ്ത്രീപുരുഷന്മാർക്കല്ലാതെ)
أَوِ التَّابِعِينَ = അല്ലെങ്കിൽ ആശ്രിതർ(ക്കല്ലാതെ)   غَيْرِ أُولِي الْإِرْبَةِ = മോഹമുള്ളവരല്ലാത്ത (ദുർമോഹമില്ലാത്ത)
مِنَ الرِّجَالِ = പുരുഷന്മാരിൽനിന്നുള്ള   أَوِ الطِّفْلِ = അല്ലെങ്കിൽ കുട്ടികൾ(ക്കല്ലാതെ)
الَّذِينَ لَمْ يَظْهَرُوا = വെളിവായിട്ടില്ലാത്തവരായ (അറിഞ്ഞുകൂടാത്ത)   عَلَىٰ عَوْرَاتِ النِّسَاءِ = സ്ത്രീകളുടെ ഗോപ്യകാര്യങ്ങൾ
وَلَا يَضْرِبْنَ بِأَرْجُلِهِنَّ = അവർ കാലുകൾകൊണ്ട് അടിക്കരുത് (കാലുകൾ നിലത്തടിച്ചു നടക്കുകയുമരുത്)
لِيُعْلَمَ مَا يُخْفِينَ = അവർ മറച്ചുവെക്കുന്നത് (ആളുകളെ) അറിയിക്കാൻ   مِنْ زِينَتِهِنَّ = അവരുടെ അലങ്കാരങ്ങളിൽനിന്ന്
وَتُوبُوا إِلَى اللَّهِ = നിങ്ങൾ അല്ലാവുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുവിൻ   جَمِيعًا = എല്ലാവരും
أَيُّهَ الْمُؤْمِنُونَ = സത്യവിശ്വാസികളേ   لَعَلَّكُمْ تُفْلِحُونَ = നിങ്ങൾക്ക് ജീവിത വിജയം പ്രതീക്ഷിക്കാം

നോട്ടം നിയന്ത്രിക്കുന്നതിലും ലൈംഗികാവയവങ്ങൾ സൂക്ഷിക്കുന്നതിലും പുരുഷന്മാരോടു കൽപിച്ച നിയമങ്ങൾ സ്ത്രീകൾക്കും ബാധകമാകുന്നു. 'മുഅ്മിനൂൻ' എന്ന സംബോധന സാധാരണ ഗതിയിൽ വിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും ഉൾക്കൊള്ളുന്നതിനാൽ മുൻ സൂക്തത്തിൽനിന്നുതന്നെ ഇക്കാര്യം വ്യക്തമാണ്. ഇവിടെ വിശ്വാസിനികളെ- مُؤْمِنَاتِ -സംബോധന ചെയ്തുകൊണ്ട് ആ കൽപന ആവർത്തിച്ചത് രണ്ടു കാരണങ്ങളാലാകാം: വിഷയത്തിന്റെ പ്രാധാന്യമാണ് ഒന്ന്. ആണും പെണ്ണും തമ്മിൽ കാണുന്ന കാര്യത്തിൽ പെണ്ണുങ്ങൾ പാലിക്കേണ്ട ചില പ്രത്യേക മര്യാദകളെ കുറിച്ചു കൂടി ഈ സൂക്തം സംസാരിക്കുന്നുവെന്നതാണ് രണ്ടാമത്തേത്. സ്ത്രീകൾ അണിയുന്ന അലങ്കാരങ്ങളിൽ സ്വാഭാവികമായി വെളിപ്പെടുന്നതൊഴിച്ചുള്ളവ അന്യപുരുഷന്മാർക്ക് പ്രദർശിപ്പിച്ചു നടക്കാതിരിക്കുക എന്നതാണ് ഒരു മര്യാദ. കാതും കഴുത്തും മാറും അരക്കെട്ടും കൈകാലുകളുമൊക്കെ സ്ത്രീകൾ സ്വർണാഭരണങ്ങൾകൊണ്ട് അലങ്കരിക്കുന്നു. ചിലർ വസ്ത്രങ്ങളും സ്വർണ നൂലുകൊണ്ട് ചിത്രപ്പണികൾ ചെയ്തു കമനീയമാക്കുന്നു. അലങ്കാരങ്ങൾ പ്രദർശിപ്പിച്ചുകൂടാ എന്നു പറയുമ്പോൾ അലങ്കരിക്കപ്പെടുന്ന ഭാഗം-അവയവം ഒട്ടും പ്രദർശിപ്പിച്ചുകൂടാ എന്ന് അനുക്തസിദ്ധമാകുന്നു. അലങ്കരിക്കപ്പെടുന്നതിലേക്ക് മറ്റുള്ളവരുടെ ശ്രദ്ധയും ആകർഷണവും ക്ഷണിക്കാനാണ് അലങ്കാരങ്ങളണിയുന്നത്. സ്ത്രീകൾ തേടുന്ന ശ്രദ്ധയും ആകർഷണവും മുഖ്യമായും പുരുഷന്മാരുടേതാണ്. സത്യവിശ്വാസികളായ സ്ത്രീകൾ ശ്രദ്ധയും ആകർഷണവും തേടേണ്ടത് അവരുടെ ഭർത്താക്കളിൽനിന്നാണ്. അന്യപുരുഷന്മാരുടെ ശ്രദ്ധയും ആകർഷണവും അവർക്കരോചകമാകുന്നു. അതിനാൽ അന്യപുരുഷന്മാർക്കു മുമ്പിൽ വിശ്വാസിനികൾ സൗന്ദര്യം പ്രദർശിപ്പിച്ചുകൂടാ. അതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന അലങ്കാരങ്ങൾ മറച്ചുവെക്കണം. പർദ-ഹിജാബ് ധരിക്കുന്നതിലൂടെ മുസ്‌ലിം സ്ത്രീകൾ ചെയ്യുന്നത് ഇതാണ്. അലങ്കാരം വെളിപ്പെടുത്താതിരിക്കണം എന്ന അർഥത്തിൽ ഉപയോഗിച്ചിരിക്കുന്നത് وَلَا يُبْدِينَ زِينَتَهُنَّ എന്ന വാക്യമാണ്. അലങ്കാരവും സൗന്ദര്യവുമാണ് زينة. വസ്ത്രം, ആഭരണം, പൗഡർ, കൺമഷി, റൂഷ്, ലിപ്സ്റ്റിക്, കൃത്രിമ മുടി, റിബ്ബൺ തുടങ്ങി ആധുനിക ഭാഷയിലെ മേക്കപ്പ്, കോസ്‌മെറ്റിക്സ് എന്നീ പദങ്ങൾ കൊണ്ടുള്ള എല്ലാ കാര്യങ്ങളും زينة -ൽ അടങ്ങിയിരിക്കുന്നു. സൗന്ദര്യ വർധകോപാധികൾ വർജിക്കണമെന്ന് ഇവിടെ പറയുന്നില്ല. ആഭരണങ്ങളും മേക്കപ്പുകളും അന്യപുരുഷന്മാർക്ക് പ്രദർശിപ്പിച്ചു മോഹിപ്പിക്കരുതെന്നേ കൽപ്പിക്കുന്നുള്ളൂ.

അലങ്കാരങ്ങൾ അന്യർ ഒട്ടും കാണാതെ സൂക്ഷിക്കുക വളരെ പ്രയാസകരമാണ്. അതു പരിഗണിച്ചുകൊണ്ട് സ്വാഭാവികമായി അല്ലെങ്കിൽ സ്വയം വെളിപ്പെടുന്ന അലങ്കാരങ്ങളെ നിയമത്തിന്റെ പരിധിയിൽനിന്ന് ശരീഅത്ത് ഒഴിവാക്കിയിരിക്കുന്നു. അതിനെയാണ് مَا ظَهَرَ مِنْهَا എന്നു വ്യവഹരിച്ചിരിക്കുന്നത്. ഇതുകൊണ്ടുദ്ദേശ്യം ما يظهره الإنسان على العادة الجارية -സാധാരണ സമ്പ്രദായമായി മനുഷ്യർ വെളിപ്പെടുത്തുന്നത്- ആണെന്ന് പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. അത് മുഖവും മുൻകൈയുമാണെന്ന് ഹദീസുകളിൽനിന്ന് മനസ്സിലാക്കാം. തന്റെ സഹോദരി അസ്മാഅ് ശരീര വടിവുകൾ വെളിപ്പെടുത്തുന്ന നേരിയ വസ്ത്രം ധരിച്ചു വന്നപ്പോൾ നബി (സ) പറഞ്ഞതായി ആഇശ(റ)യിൽനിന്ന് അബൂദാവൂദ് ഉദ്ധരിക്കുന്നു: 'ഓ, അസ്മാ! സ്ത്രീ പ്രായപൂർത്തി

യായാൽ പിന്നെ മുഖവും മുൻകൈയുമല്ലാതെ മറ്റൊന്നും പുറത്തു കാണാൻ പാടില്ല.' ആഇശ(റ)യിൽനിന്നുതന്നെ സമാനമായ മറ്റൊരു ഹദീസ് ഇബ്നുജരീറും ഉദ്ധരിച്ചിട്ടുണ്ട്. ഇതനുസരിച്ച് മുഖവും മുഖത്തണിയുന്ന പൗഡർ, കൺമഷി, മൂക്കുത്തി തുടങ്ങിയവയും കൈകളും അതിലണിയുന്ന മൈലാഞ്ചിയും മോതിരങ്ങളും വളകളുമൊക്കെയാണ് സ്വാഭാവികമായി വെളിപ്പെടുന്ന- مَا ظَهَرَ مِنْهَا -ഭാഗങ്ങൾ.

മുഖവും മുൻകൈയും മറക്കപ്പെടേണ്ടതാണെന്നും, കാറ്റിലോ മറ്റോ ആകസ്മികമായി ഹിജാബ് പറന്നുയരുമ്പോൾ വെളിപ്പെടുന്ന ശരീര ഭാഗങ്ങളും ഹിജാബിനു മുകളിൽ ചെയ്ത അലങ്കാരപ്പണികളുമാണ് مَا ظَهَرَ مِنْهَا കൊണ്ട് ഉദ്ദേശ്യമെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ വീക്ഷണം സാധൂകരിക്കാൻ ആധാരമാക്കുന്ന ഹദീസുകൾ ദുർബലങ്ങളാണെന്ന് പ്രമുഖ ഹദീസ് നിരൂപണ പണ്ഡിതനായ മർഹൂം നാസ്വിറുദ്ദീൻ അൽബാനി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ശിരോവസ്ത്രം താഴ്ത്തിയിട്ട് മാറിടം മറക്കുകയാണ് മറ്റൊരു മര്യാദ. وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ എന്നാണ് മൂലവാക്യം. يَضْرِبْنَ -ക്ക് ഇവിടെ അർഥം അവർ താഴ്ത്തിയിടട്ടെ, ചേർത്തിടട്ടെ എന്നാണ്. خمار -ന്റെ ബഹുവചനമാണ് خُمُر . തട്ടം, മക്കന, സ്കാർഫ് തുടങ്ങിയ ശിരോവസ്ത്രമാണ് خمار. جيب -ന്റെ ബഹുവചനമായ جُيُوبِ മാറിടം, കുപ്പായക്കീശ, കക്ഷം, കോളർ, കുപ്പായത്തിന്റെ മാറിലുണ്ടാക്കുന്ന വിടവ് എന്നിവക്കെല്ലാം ഉപയോഗിക്കുന്നു. ഇവിടെ ഉദ്ദേശ്യം മാറിടവും കുപ്പായത്തിന്റെ മാറിലുണ്ടാക്കുന്ന വിടവുമാണ്. കഴുത്തിലും മാറിലും ആഭരണങ്ങളണിഞ്ഞ് കുപ്പായമാറ് തുറന്നിട്ട് പ്രദർശിപ്പിക്കുന്ന സമ്പ്രദായം പണ്ടുണ്ടായിരുന്നു. ഇക്കാലത്തും അതുണ്ട്. ബ്ലൗസിന്റെയും മറ്റും കഴുത്ത് ഇറക്കിവെട്ടി ധരിക്കുകയാണ് മാറു പ്രദർശിപ്പിക്കാൻ ഇന്ന് സ്വീകരിക്കുന്ന രീതി. അത് നാഗരികതയുടെ അനിവാര്യതയായി കരുതപ്പെടുന്നു. ഉത്തരീയം താഴ്ത്തിയിട്ട് മാറും അതിലെ മുഴപ്പുകളും അലങ്കാരങ്ങളും അന്യർക്കു മുമ്പിൽ മറക്കണമെന്നാണ് അനുശാസിക്കുന്നത്. സൂറത്ത് *അഹ്സാബ്* 59-ാം സൂക്തം പ്രവാചക പത്നിമാരെ പ്രത്യേകം സംബോധന ചെയ്തുകൊണ്ട് ഈ അനുശാസനം ആവർത്തിക്കുന്നുണ്ട്. ഇപ്പറഞ്ഞ സൗന്ദര്യഗോപനം അന്യപുരുഷന്മാരുടെ മുന്നിലേ പാലിക്കേണ്ടതുള്ളൂ. ഭർത്താവിന്റെയും പരസ്പരം ലൈംഗിക താൽപര്യം ജനിക്കാത്ത ഉറ്റ ബന്ധുക്കളുടെയും കുട്ടികളുടെയും വയോധികരുടെയും ഭൃത്യരുടെയും മറ്റ് ആശ്രിതരുടെയും മുന്നിൽ ആവശ്യമില്ല. ഉറ്റവരിൽ പ്രഥമഗണനീയർ പിതാക്കളാണ്. آبَاء പിതാക്കളിൽ നേർപിതാവും പിതാവിന്റെ പിതാവും പിതാമഹന്മാരും മാതാവിന്റെ പിതാവും മാതാമഹന്മാരും അവർക്കു പുറമെ പിതൃവ്യന്മാരും അമ്മാവന്മാരും കൂടി ഉൾപ്പെടുന്നു. സ്വന്തം മക്കളും ഭർത്താവിന്റെ മറ്റു ഭാര്യയിലുണ്ടായ മക്കളും സഹോദരന്മാരും സഹോദരികളും അവരുടെ പുത്രന്മാരും അലങ്കാര ദർശനം അനുവദിക്കപ്പെട്ടവരാണ്. ഇങ്ങനെ അഞ്ചു കൂട്ടരാണ് വിവാഹം നിഷിദ്ധമായ ബന്ധുക്കൾ- محارم -എന്ന ഗണത്തിലുള്ളവർ. മുലകുടി ബന്ധത്തിലൂടെ വിവാഹം നിഷിദ്ധമായവരെയും പണ്ഡിതന്മാർ ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവരിൽ രണ്ടു കൂട്ടർ -ഭർതൃപിതാവും ഭർത്താവിന് മറ്റു ഭാര്യയിലുണ്ടായ മക്കളും - വിവാഹ ബന്ധം മൂലം വിവാഹം നിഷിദ്ധമായവരാണ്.

പരിചിതരും നിത്യജീവിതത്തിൽ അടുത്തു പെരുമാറുന്നവരുമായ സ്ത്രീകളാണ് نِسَائِهِنَّ കൊണ്ടുദ്ദേശിച്ചിരിക്കുന്നത്. പെൺവർഗത്തിൽപെട്ട എല്ലാവരുമാണെന്ന് ഹമ്പലികൾ ഉൾപ്പെടെ ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അവരുടെ മതവും ജാതിയും പരിഗണിക്കേണ്ടതില്ല. نِسَائِهِنَّ -അവരുടെ സ്ത്രീകൾ-മുസ്ലിം സ്ത്രീകൾ മാത്രമാണെന്നാണ് മറ്റൊരു വിഭാഗം പണ്ഡിതന്മാരുടെ നിലപാട്. അമുസ്ലിം സ്ത്രീകൾക്കു മുമ്പിൽ മുസ്ലിം സ്ത്രീകൾ സൗന്ദര്യം പ്രദർശിപ്പിച്ചുകൂടാ. ഈ വീക്ഷണത്തിനു പക്ഷേ പ്രമാണങ്ങളൊന്നുമില്ല. മത-ജാതി വ്യത്യാസമന്യേ എല്ലാ സ്ത്രീജനങ്ങളുമായും മുസ്ലിം സ്ത്രീകൾക്ക് ഇടപെടുകയും അലങ്കാരം പങ്കുവെക്കുകയും ചെയ്യാം എന്ന വീക്ഷണമാണ് കൂടുതൽ പ്രബലവും സ്വീകാര്യവും.

അടിമത്ത സമ്പ്രദായം നിലനിന്ന കാലത്ത് സ്ത്രീകൾക്ക് ഉടമസ്ഥാവകാശമുണ്ടായിരുന്ന സ്ത്രീ പുരുഷന്മാരാണ് مَا مَلَكَتْ أَيْمَانُهُنَّ -അവരുടെ വലംകൈ ഉടമപ്പെടുത്തിയവർ. ഇന്ന് ഈ വിഭാഗം ഇല്ലെങ്കിലും വീട്ടിനകത്തും പുറത്തും രാപ്പകൽ പെരുമാറുന്ന ഭൃത്യജനങ്ങളുണ്ട്. അവരോടും മറ പാലിച്ചു വർത്തിക്കുക വളരെ ബുദ്ധിമുട്ടാണ്. അടിമകൾക്കു മുമ്പിൽ ഹിജാബ് ഒഴിവാക്കാൻ അനുവദിച്ചത് അവർ സാധാരണ ഗതിയിൽ യജമാനത്തിയെ മോഹിക്കുകയോ പ്രാപിക്കാൻ ശ്രമിക്കുകയോ ഇല്ല എന്നുള്ളതു കൊണ്ടാണ്. ഇത് ഉറപ്പുണ്ടെങ്കിൽ ഭൃത്യജനങ്ങളോടും മറയില്ലാതെ പെരുമാറാം. സ്ത്രീവിഷയത്തിൽ താൽപര്യമില്ലാത്ത ആശ്രിതരാണ് മറയൊഴിവാക്കാവുന്ന മറ്റൊരു വിഭാഗം. التَّابِعِينَ غَيْرِ أُولِي الْإِرْبَةِ مِنَ الرِّجَالِ -പുരുഷന്മാരിൽ നിന്ന് സ്ത്രീവിഷയത്തിൽ താൽപര്യമുള്ളവരല്ലാത്തവരൊഴിച്ചുള്ള ആശ്രിതർ എന്നാണ് മൂലവാക്യം. تَابِع -ന്റെ ഭാഷാർഥം പിന്തുടരുന്നവർ എന്നാണ്. സ്വന്തമായ തൊഴിലോ വരുമാനമോ സംരക്ഷകരോ ഇല്ലാത്ത, ഭക്ഷണത്തിനും നിത്യാവശ്യങ്ങൾക്കും ഏതെങ്കിലും ഭേദപ്പെട്ട വീട്ടുകാരെ ആശ്രയിച്ചുകഴിയുന്നവരാണ് ഇവിടെ ഉദ്ദേശ്യം. സ്ത്രീ വിഷയത്തിലുള്ള താൽപര്യമാണ് إِرْبَةِ. പരാശ്രയ ജീവിതം നയിക്കുന്ന പുരുഷന്മാർ മിക്കവാറും വയോധികരും സ്ത്രീ വിഷയത്തിലൊന്നും താൽപര്യമില്ലാത്തവരുമായിരിക്കും. എന്നാൽ തന്റെ ആശ്രിതൻ സ്ത്രീവിഷയത്തിൽ തൽപരനാണെന്നു മനസ്സിലാവുകയാണെങ്കിൽ അയാളോട് മറ പാലിക്കുക തന്നെ വേണം. ലൈംഗിക കാര്യങ്ങളൊന്നും അറിഞ്ഞിട്ടില്ലാത്ത കുട്ടികൾക്കു മുമ്പിലും ഹിജാബ് ആവശ്യമില്ല. അതാണ് أَوِ الطِّفْلِ الَّذِينَ لَمْ يَظْهَرُوا عَلَىٰ عَوْرَاتِ النِّسَاءِ എന്ന വാക്യത്തിലൂടെ വ്യക്തമാക്കുന്നത്. ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് സ്വന്തം മക്കളല്ല. സ്വന്തം മക്കളെയും പ്രായപൂർത്തിയായവരെയും നേരത്തേ أَوْ أَبْنَائِهِنَّ എന്ന വാക്യത്തിലൂടെ ഹിജാബിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടല്ലോ. محارم-ൽ പെടാത്ത കുട്ടികളാണ് ഇവിടെ ഉദ്ദേശ്യം.

അന്യപുരുഷന്മാർക്കിടയിൽ അവരുടെ ശ്രദ്ധയാകർഷിക്കാൻ കാലിട്ടടിച്ച് ശബ്ദമുണ്ടാക്കി നടക്കുന്നതും വിലക്കപ്പെട്ടിരിക്കുന്നു. وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِن زِينَتِهِنَّ എന്നാണ് മൂലവാക്യം. ചിലമ്പുന്ന പാദസരങ്ങളും കരയുന്ന പാദരക്ഷകളുമായിരുന്നു പഴയകാലത്തെ ആകർഷണോപാധികൾ. ഇന്നത് ടപ്പ് ടപ്പ് ശബ്ദമുണ്ടാക്കുന്ന ഹൈഹീൽ ചെരിപ്പു

കളായി മാറിയിരിക്കുന്നു. കൈയിൽ ധരിക്കുന്ന വളകൾ, തലയിൽ ധരിക്കുന്ന കേശമണി എന്നിവയിലൂടെ ശബ്ദമുണ്ടാക്കുന്നതും രൂക്ഷമായ സുഗന്ധം ഉപയോഗിക്കുന്നതും അന്യപുരുഷന്മാർക്കിടയിൽ ഉത്തമ സ്ത്രീക്ക് ഭൂഷണമല്ല. 'രൂക്ഷമായ സുഗന്ധം പുരട്ടി അന്യപുരുഷന്മാരുടെ സഭയിൽ നടക്കുന്ന സ്ത്രീ കൊള്ളരുതാത്തവളാണെ'ന്ന് നബി (സ) പ്രസ്താവിച്ചതായി ഇമാം തിർമിദിയും നസാഈയും ഉദ്ധരിച്ചിട്ടുണ്ട്. സ്ത്രീ ആഭരണങ്ങൾകൊണ്ട് ശബ്ദമുണ്ടാക്കുന്നത് നിഷിദ്ധമാകുന്നു എന്നത് തൊണ്ട കൊണ്ടും നാവു കൊണ്ടും ശബ്ദമുണ്ടാക്കുന്നത് കൂടുതൽ നിഷിദ്ധമാകുന്നു എന്ന് കുറിക്കുന്നതായി ഹനഫി മദ്ഹബ് അഭിപ്രായപ്പെട്ടിരിക്കുന്നു.

മുസ്‌ലിം സമൂഹത്തിന്റെ സംസ്കരണാർഥം നൽകിയിട്ടുള്ളതാണ് മുകളിൽ പറഞ്ഞ നിർദേശങ്ങൾ. അതു പാലിക്കുന്നതിൽ എല്ലാ വിശ്വാസികളും പ്രതിജ്ഞാ ബദ്ധരായിരിക്കണം. വീഴ്ചകൾ സംഭവിച്ചിട്ടുണ്ടാവാം. ഇതുവരെ വന്നുപോയ തെറ്റുകുറ്റങ്ങളിൽ പശ്ചാത്തപിച്ചുകൊണ്ടും വീഴ്ചകൾ പരിഹരിച്ചുകൊണ്ടും ഈ ഖുർആനിലൂടെ അല്ലാഹു അവതരിപ്പിച്ചുതന്ന ജീവിതക്രമം ആത്മാർഥമായി കൈക്കൊള്ളാൻ എല്ലാ മുസ്‌ലിം സ്ത്രീപുരുഷന്മാരും ഒറ്റക്കെട്ടായി തയാറാകണം. എങ്കിൽ നിങ്ങളുടെ ജീവിതം ഇഹത്തിലും പരത്തിലും സഫലമാകുമെന്ന് പ്രതീക്ഷിക്കാം. ഈ ആഹ്വാനമാണ് സൂക്തത്തിന്റെ സമാപന ഖണ്ഡമായ وَتُوبُوا إِلَى اللَّهِ جَمِيعًا أَيُّهَ الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ എന്ന വാക്യം ഉൾക്കൊള്ളുന്നത്.

തൊട്ടു മുമ്പത്തെ സൂക്തത്തെയെന്ന പോലെ ഈ സൂക്തത്തെയും ചില പണ്ഡിതന്മാർ അന്യവീടുകളിൽ പ്രവേശിക്കുമ്പോൾ പാലിക്കേണ്ട മര്യാദകളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചിട്ടുണ്ട്. അവരുടെ വീക്ഷണത്തിൽ അന്യവീടുകളിൽ ചെല്ലുന്ന സ്ത്രീകളും ആ വീട്ടിലെ സ്ത്രീകളും നോട്ടത്തിലും നടത്തത്തിലും സൗന്ദര്യ പ്രദർശനത്തിലും പാലിക്കേണ്ട മര്യാദയാണ് ഈ സൂക്തം പറയുന്നത്. അവരും ഈ സൂക്തത്തിന്റെ പിരിധിയിൽ പെടുന്നുവെന്നത് അനിഷേധ്യമാകുന്നു. പക്ഷേ അവരെ മാത്രമാണ് സൂക്തം സംബോധന ചെയ്യുന്നതെന്ന് കരുതാൻ ന്യായമില്ല. സ്ത്രീകളുടെ മഹ്‌റമുകളുണ്ടാവുക അവർ ചെന്നെത്തുന്ന അന്യവീടുകളിലോ, അവരുടെ വീട് സന്ദർശിക്കുന്ന അന്യസ്ത്രീകളിലോ അല്ലല്ലോ. വേലക്കാരുടെയും ആശ്രിതരുടെയും അവസ്ഥയും അതുതന്നെ. അതിനാൽ മഹ്‌റമുകളും അല്ലാത്തവരുമെല്ലാമുള്ള പൊതു സമൂഹത്തിൽ സ്ത്രീ നോട്ടത്തിലും നടത്തത്തിലും ശബ്ദത്തിലും പാലിക്കേണ്ട നിയന്ത്രണങ്ങൾ തന്നെയാണ് സൂക്തങ്ങൾ പറയുന്നത്.

അനാവശ്യമായി പുരുഷന്മാർ സ്ത്രീകളെ നോക്കുന്നതും സ്ത്രീകൾ പുരുഷന്മാരെ നോക്കുന്നതും ഒരേ വാക്കുകളിൽ നിരോധിച്ചിരിക്കുകയാണ് ഖുർആൻ. എങ്കിലും പുരുഷന്മാർ സ്ത്രീകളെ നോക്കുന്നതിനുള്ള വിലക്കിനോളം ഗൗരവമുള്ളതല്ല സ്ത്രീകൾ പുരുഷന്മാരെ നോക്കുന്നതിനുള്ള വിലക്ക് എന്ന് ഒരു വിഭാഗം പണ്ഡിതന്മാർ പറയുന്നു. കാമചോദനയില്ലാതെ സ്ത്രീകൾ അന്യപുരുഷന്മാരെ നോക്കുന്നത് അനുവദനീയമാണെന്നാണവരുടെ നിലപാട്. അതിന് അവലംബിക്കപ്പെടുന്ന മുഖ്യ പ്രമാണം ഇതാണ്: ഹിജ്റ ഏഴാം ആണ്ടിൽ ഒരു സംഘം അബ്സീനിയക്കാർ മദീനയിൽ വന്നു. അവർ മസ്ജിദുന്നബവിയുടെ പുമുഖത്ത് ഒരു കലാപരിപാടി അവതരിപ്പിച്ചു. പ്രവാചക പത്നി ആഇശ (റ) പ്രവാചകന്റെ പിന്നിൽ നിന്നുകൊണ്ട് മതിവരുവോളം അത് ആസ്വദിക്കുകയുണ്ടായി (ബുഖാരി, മുസ്‌ലിം).

അന്യ സ്ത്രീപുരുഷന്മാരുടെ അനാവശ്യവും ലൈംഗിക ചോദനയുള്ളതുമായ അശ്ലീല നോട്ടമാണ് ഖുർആൻ നിരോധിക്കുന്നത്. ന്യായമായ ആവശ്യങ്ങൾക്കു വേണ്ടി, മാന്യമായ രീതിയിൽ സ്ത്രീപുരുഷന്മാർ പരസ്പരം കാണുന്നതും സംസാരിക്കുന്നതും നിരോധിച്ചിട്ടില്ല. പ്രവാചകന്റെ മുമ്പിൽ വന്ന് ദീനീവിഷയങ്ങൾ ചർച്ചചെയ്യുന്ന ധാരാളം സ്ത്രീകളുണ്ടായിരുന്നു. ആവശ്യ സന്ദർഭങ്ങളിൽ പ്രവാചകൻ (സ) സ്ത്രീകളുടെ സഭയിൽ ചെന്നു ഉപദേശിക്കാറുണ്ടായിരുന്നു. മസ്ജിദുന്നബവിയിലെ നമസ്കാരങ്ങളിൽ പുരുഷന്മാർക്കു പിന്നിൽ സ്ത്രീകളും പങ്കെടുത്തിരുന്നു. യുദ്ധങ്ങളിൽ വരെ സ്ത്രീകളുടെ സാന്നിധ്യമുണ്ടായിരുന്നു. പെരുന്നാൾ ദിനങ്ങളിൽ പ്രവാചക ഭവനത്തിൽ പോലും സ്ത്രീകൾ പാട്ടുപാടി വിനോദിക്കാറുണ്ടായിരുന്നു. ഒരിക്കൽ അബൂബക്ർ (റ) അതു തടയാൻ മുതിർന്നപ്പോൾ പ്രവാചകൻ അദ്ദേഹത്തെ വിലക്കുകയാണുണ്ടായത്. കല്യാണാഘോഷങ്ങളിൽ സ്ത്രീകളുടെ ഗാനാലാപനത്തെ പ്രവാചകൻ പ്രോത്സാഹിപ്പിച്ചതായും കാണാം. പ്രോത്സാഹിപ്പിക്കുക മാത്രമല്ല, അവർ പാടേണ്ട പാട്ട് നിർദേശിച്ചുകൊടുത്തതായും ചില നിവേദനങ്ങളിലുണ്ട്. പ്രവാചകൻ ആദ്യം മദീനയിലെത്തിയപ്പോൾ സ്ത്രീകൾ ഗാനമാലപിച്ചുകൊണ്ടാണ് അദ്ദേഹത്തെ സ്വാഗതം ചെയ്തത്. ഇതൊന്നും നബി (സ) ഉൾപ്പെടെയുള്ള പുരുഷന്മാരാരും കാണുകയോ കേൾക്കുകയോ ചെയ്തിരുന്നില്ലെന്ന് കരുതാനാകുമോ? നസാഈയും ഹാകിമും ഉദ്ധരിച്ച ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: ''ആമിറുബ്നു സഅ്ദ് പറയുന്നു: ഞാൻ ഖുർഅതുബ്നു കഅ്ബിന്റെയും അബു മസ്ഊദിൽ അൻസ്വാരിയുടെയും അടുത്തു ചെന്നു. അവർ ഒരു കല്യാണത്തിലായിരുന്നു. അവിടെ പെൺകുട്ടികൾ പാട്ടുപാടുന്നുണ്ടായിരുന്നു. അതുകേട്ട് ഞാൻ പറഞ്ഞു: 'റസൂലിന്റെ രണ്ടു സ്വഹാബികളാണല്ലോ നിങ്ങൾ-ബദ്റിൽ പങ്കെടുത്തവരും... നിങ്ങളുടെ സാന്നിധ്യത്തിൽ ഇതു നടക്കുകയോ?!' അവരിരുവരും പറഞ്ഞു: 'ഇഷ്ടമുണ്ടെങ്കിൽ ആസ്വദിച്ചോളൂ. ഇല്ലെങ്കിൽ നിങ്ങൾക്കു പോകാം... കല്യാണാഘോഷങ്ങളിൽ ഇതിനൊക്കെ ഞങ്ങൾക്ക് ഇളവ് ലഭിച്ചിട്ടുണ്ട്.'' ഇതെല്ലാം സൂചിപ്പിക്കുന്നത് സ്ത്രീകൾക്ക് പുരുഷന്മാരുടെ കലാപരിപാടി കാണാൻ അനുവാദമുള്ളതുപോലെ സ്ത്രീകളുടെ കലാപരിപാടികൾ കാണാൻ പുരുഷന്മാർക്കും അനുവാദമുണ്ട് എന്നാണ്. രണ്ടു കൂട്ടരും ധാർമികതയുടെയും സഭ്യതയുടെയും പരിധികൾ പാലിക്കണമെന്ന നിബന്ധനയോടെ.

സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ മാന്യമായി വസ്ത്രം ധരിച്ചിരിക്കണം. ആണുങ്ങളെ തങ്ങളുടെ മേനിയഴകിലേക്ക് ആകർഷിക്കാനുള്ള ബോധപൂർവമായ ചലനങ്ങൾ അവരിൽനിന്നുണ്ടായിക്കൂടാ. ശിരോവസ്ത്രം മാറിലേക്ക് താഴ്ത്തിയിടണമെന്നാണ് ഈ സൂക്തത്തിൽ പറയുന്നത്. അതായത് അവർ ധരിക്കുന്ന ശിരോവസ്ത്രം തലയും മുടിയും പിരടിയും കഴുത്തും മാറും മറയുന്ന വിധത്തിലുള്ളതായിരിക്കണം. നീളവും വീതിയുമുള്ള വസ്ത്രം-ജിൽബാബ്-കൊണ്ട് ശരീരം മറക്കാനാണ് *അൽ അഹ്സാബ്* 59-ാം

സൂക്തത്തില്‍ പ്രവാചക പത്നിമാരോടാവശ്യപ്പെട്ടിരിക്കുന്നത്. അവരോട് പുരുഷന്മാര്‍ സംസാരിക്കുന്നത് മറക്കു-ഹിജാബിന്-പിന്നില്‍നിന്നുകൊണ്ടാവണമെന്ന് *അല്‍ അഹ്സാബ്* 53-ാം സൂക്തവും കല്‍പിച്ചിരിക്കുന്നു. *അഹ്സാബി*ലെ കല്‍പനകള്‍ പ്രവാചക പത്നിമാരെ മാത്രം ഉദ്ദേശിച്ചുള്ളതാണെന്ന് ഒരു വാദമുണ്ട്. ആ വാദം അംഗീകരിച്ചാലും മുസ്‌ലിം സ്ത്രീകള്‍ മുഖവും മുന്‍കൈയും-ഇമാം അബൂഹനീഫയുടെ വീക്ഷണത്തില്‍ കാലും-ഒഴിച്ചുള്ള ശരീരഭാഗങ്ങള്‍ മറക്കുന്ന വണ്ണമുള്ള വസ്ത്രം ധരിക്കണമെന്നതിന് *സൂറത്തുന്നൂറി*ലെ ഈ സൂക്തം തന്നെ മതിയായ പ്രമാണമാകുന്നു.

സ്ത്രീകള്‍ തലയും മാറും മറയുന്ന വസ്ത്രം ധരിക്കുന്നത് പ്രാകൃതമായും അധഃസ്ഥിതിയുടെയും അടിമത്തത്തിന്റെയും അടയാളമായും ഒക്കെ പ്രചണ്ഡമായി പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ചില യൂറോപ്യന്‍ രാജ്യങ്ങള്‍ മുസ്‌ലിം സ്ത്രീകള്‍ക്ക് ശിരോവസ്ത്രം നിരോധിച്ചുകൊണ്ട് നിയമം നടപ്പിലാക്കിയിരിക്കുന്നു. ആധുനിക സംസ്കാരം സൃഷ്ടിച്ച ഒരന്ധവിശ്വാസവും അനാചാരവുമാണിത്. വാസ്തവത്തില്‍ സ്ത്രീകള്‍ മാത്രമല്ല പുരുഷന്മാരും ശരീരം മുഴുവന്‍ വസ്ത്രം കൊണ്ട് അലങ്കരിക്കുന്നതാണ് ഉന്നതമായ സംസ്കാരം. പൂര്‍വകാല നാഗരിക സമൂഹങ്ങളെല്ലാം അതംഗീകരിക്കുകയും ആചരിക്കുകയും ചെയ്തിട്ടുള്ളതാണ്. സ്ത്രീകള്‍ക്ക് ആ വസ്ത്ര രീതി നിര്‍ബന്ധമാക്കുകയാണ് ഇസ്‌ലാം ചെയ്തത്. സ്ത്രീ കേവലം ഭോഗ വസ്തുവാക്കപ്പെടുകയും അവളുടെ നഗ്നത ആഘോഷിക്കപ്പെടുകയും ചെയ്യുന്ന ഒരു കാലം വരുന്നുണ്ട് എന്നതു കൊണ്ടുതന്നെയാവാം ഖുര്‍ആന്‍ ഈ നിയമം നിര്‍ദേശിച്ചത്. പാശ്ചാത്യ-പൗരസ്ത്യ നാഗരിക സമൂഹങ്ങളിലെ പുരുഷന്മാര്‍ ഇപ്പോഴും ശരീരം മുഴുവന്‍ ആഛാദനം ചെയ്യുന്ന വസ്ത്രധാരണ രീതി തന്നെയാണ് ഉത്തമ സംസ്കാരമായി ആചരിക്കുന്നത്. സ്ത്രീകള്‍ക്കു മാത്രമേ അല്‍പവസ്ത്രം പരിഷ്കാരത്തിന്റെയും പുരോഗതിയുടെയും അടയാളമായി മാറിയിട്ടുള്ളൂ. എന്നാല്‍ അക്കൂട്ടത്തില്‍ വ്യത്യസ്ത മത വിഭാഗങ്ങളിലെ സന്യാസിനികള്‍ക്ക് ശരീരം പൂര്‍ണമായി മറക്കുന്ന വസ്ത്രധാരണം നിര്‍ബന്ധമാകുന്നു. അവരുടെ ആത്മീയോല്‍ക്കര്‍ഷത്തിന്റെയും വിശുദ്ധിയുടെയും ചിഹ്നമായി അത് കണക്കാക്കപ്പെടുന്നു. ആത്മീയോല്‍ക്കര്‍ഷവും ജീവിത വിശുദ്ധിയും തേടുന്ന സ്ത്രീകള്‍ ശരീരം മുഴുവന്‍ മറക്കുന്ന വസ്ത്രം ധരിക്കണമെന്ന് എല്ലാ മതങ്ങളും അനുശാസിക്കുന്നുവെന്നാണിതിനര്‍ഥം. ഇസ്‌ലാമില്‍ സന്യാസവും പൗരോഹിത്യവുമില്ല. ആത്മീയോല്‍ക്കര്‍ഷവും ജീവിത വിശുദ്ധിയും പുരോഹിതന്മാര്‍ക്കോ സന്യാസിനികള്‍ക്കോ സംവരണം ചെയ്തിട്ടുമില്ല. എല്ലാ മുസ്‌ലിംകളും ആത്മീയ ബോധമുള്ളവരും ധാര്‍മികമായും സദാചാരപരമായും വിശുദ്ധ ജീവിതം നയിക്കുന്നവരുമാവുകയാണ് ഇസ്‌ലാമിന്റെ ലക്ഷ്യം. അതുകൊണ്ടാണ് ഇസ്‌ലാം എല്ലാ മുസ്‌ലിം വനിതകള്‍ക്കും ശരീരം പൂര്‍ണമായി മറക്കുന്ന വസ്ത്രധാരണം വിധിച്ചിരിക്കുന്നത്. ■